"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എറണാകുളം, പൂയംകുട്ടി എസ്.ജി യു.പി.എസ്-ലെ എൽ.ജി. ഹിന്ദി പാർട്ട് ടൈം അദ്ധ്യാപികയായ ശ്രീമതി. സിന്ധു. എൻ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4187/2025/GEDN തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. എറണാകുളം, പൂയംകുട്ടി എസ്.ജി യു.പി.എസ്-ലെ എൽ.ജി. ഹിന്ദി പാർട്ട് ടൈം അദ്ധ്യാപികയായ ശ്രീമതി. സിന്ധു. എൻ സമർപ്പിച്ച 09.05.2022-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.07.2024-ലെ DGE/9700/2022-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം, പൂയംകുട്ടി എസ്.ജി യു.പി.എസ്-ലെ എൽ.ജി. ഹിന്ദി പാർട്ട് ടൈം അദ്ധ്യാപികയായ ശ്രീമതി. സിന്ധു. എൻ തന്റെ 01.06.2017 മുതൽ ഉള്ള എൽ. ജി ഹിന്ദി പാർട്ട് ടൈം തസ്തികയിലെ നിയമനം കുട്ടികളുടെ എണ്ണവും പീരിഡും പരിഗണിച്ച് ശമ്പളസ്കെയിലിൽ അംഗീകരിച്ച് ഉത്തരവുണ്ടാകാൻ വേണ്ടുന്ന തീരുമാനവും ഉത്തരവും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ അധീനതയിൽ ഉള്ള, പൂയംകുട്ടി എസ് ജി യു പി സ്കൂളിൽ, ജൂനിയർ ഹിന്ദി റ്റീച്ചർ (പാർട്ട് ടൈം) ആയിരുന്ന ശ്രീമതി സലോമി പോൾ, 31.05.2017 ൽ വിരമിച്ച ഒഴിവിൽ, ശ്രീമതി എൻ സിന്ധുവിന്റെ, 01.06.2017 മുതലുള്ള നിയമനം, 28.09.2017 ലെ സി/2083/2017/കെഡിസ്, 04.08.2018-ലെ സി/1905/2018 എന്നീ ഉത്തരവുകൾ പ്രകാരം കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. നിയമനം നിരസിച്ച കാരണങ്ങൾ, പൂയംകുട്ടി എസ് ജി യു പി സ്കൂൾ പുതിയതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ വിഭാഗത്തിൽപ്പെടുന്നു, സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളുടെ വിഭാഗത്തിൽപ്പെടുന്നു. മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ല, കോതമംഗലം രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് 11.09.2018 ലെ ഗവൺമെന്റ് കത്ത് എച്ച്3/172/2018/ പൊവിവ പ്രകാരം ഉണ്ടായിരുന്ന നിയമന അംഗീകാര നിരോധനം എന്നിവയായിരുന്നു. ഇതിനെതിരെ മാനേജർ കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീൽ 13.05.2019 ലെ ബി5/7062/2018/കെ ഡിസ് ഉത്തരവ് പ്രകാരം

നിരസിച്ചിരുന്നു. ശ്രീമതി എൻ സിന്ധു, വെളിയൽച്ചാൽ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ, ജൂനിയർ ഹിന്ദി ടീച്ചർ (ഫുൾ ടൈം) ആയി 07.01.2003 മുതൽ 11.03.2003 വരെ ജോലി ചെയ്യുകയും, ടി നിയമനം 31.03.2003 തീയതിയിലെ കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. നെടുങ്ങപ്ര എസ്.എ യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി ടീച്ചർ (പാർട്ട് ടൈം) ആയ ശ്രീമതി ജൂഡിമോൾ ജോസഫും മറ്റ് പതിന്നാല് അദ്ധ്യാപകരും കക്ഷികളായി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നം 6138/2020 ലെ എട്ടാം നമ്പർ പെറ്റീഷനർ ആയി ശ്രീമതി എൻ സിന്ധു റിട്ട് ഹർജി ഫയൽ ചെയ്തു. ടി റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം പാലിച്ച് 01.06.2021 ൽ സ.ഉ(സാധാ) നം.2891/2021/ പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, ആയതുമായി ബന്ധപ്പെട്ട് 15.01.2022 ലെ എസ്.സി2/165/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത് പുറപ്പെടുവിക്കുകയും ചെയ്തു. 06.02.2021 ലെ സ.ഉ(പി)നം 04/2021/പൊ.വി.വ പ്രകാരം ചട്ടം 51 എ അവകാശം നേടിയവരെ പുനർനിയമനം നൽകുന്ന സമയത്ത് ഉയർന്ന പ്രായപരിധി കഴിഞ്ഞവർക്ക് പ്രായപരിധി നിബന്ധന ബാധകമാക്കേണ്ടതില്ല എന്ന് ഉത്തരവായിരുന്നു. ഈ വിഷയത്തിൽ 15.01.2022 ലെ എസ്.സി2/165/2021/പൊ.വി.വ നമ്പർ കത്ത് മുഖേന നൽകിയ സ്പഷ്ടീകരണം പ്രകാരം 17.06.2005 ന് മുൻപ് നിലനിന്നിരുന്നതും ഒരു അക്കാദമിക വർഷം തികച്ചിട്ടില്ലാത്തതുമായ സേവനത്തിലൂടെ ചട്ടം 51 എ അവകാശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് പുനർനിയമനത്തിന് അവകാശമില്ല എന്നും എന്നാൽ ഇങ്ങനെയുള്ളവർക്ക് പുതിയ നിയമനമായി നടത്തിയാൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ശ്രീമതി എൻ സിന്ധുവിന് ചട്ടം 51 എ അവകാശത്തിന് അർഹതയില്ല എന്ന് വ്യക്തമാകുന്നു. 06.02.2021 ലെ സർക്കാർ ഉത്തരവിന് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ നിർദ്ദേശങ്ങൾ പ്രകാരം പുതിയതായി ആരംഭിച്ച/ ഉയർത്തപ്പെട്ട സ്കൂളിലെ ഒരു ഒഴിവ് സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുന്നതിനായി മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം അത്തരം സ്കൂളുകളിലെ മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സ്കൂളിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുന്നതിലേക്കായി മാനേജർ സത്യപ്രസ്താവന നൽകിയിട്ടുണ്ട്. എന്നാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ ആയതിനാൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരത്തിന് മാത്രമാണ് അനുമതി ഉള്ളത്. മേൽ വിവരിച്ച സാഹചര്യത്തിൽ, നെടുങ്ങപ്ര എസ്.എ.യു.പി സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചർ ശ്രീമതി ജൂഡിമോൾ ജോസഫ് മുതൽ പേർ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തതും, പൂയംകുട്ടി എസ് ജി യു പി സ്കൂളിലെ ജൂനിയർ ഹിന്ദി ടീച്ചർ (പാർട്ട് ടൈം) ആയി നിയമനം നേടിയ ശ്രീമതി എൻ സിന്ധു, എട്ടാം നമ്പർ കക്ഷി ആയിട്ടുള്ളതുമായ റിട്ട് ഹർജി നമ്പർ 6138/ 2020 ന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 02.03.2020 ലെ വിധിന്യായം പാലിച്ച് പുറപ്പെടുവിച്ച ഉത്തരവ്, 06.02.2021 ലെ സ.ഉ (പി) നം 04/2021/പൊ.വി.വ ഉത്തരവ്, 15.01.2022 ലെ എസ്.സി2/165/2021/പൊ.വി.വ നമ്പർ കത്ത് പ്രകാരമുള്ള സ്പഷ്ടീകരണം എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീമതി എൻ സിന്ധുവിന്റെ 01.06.2017 മുതലുള്ള പാർട്ട് ടൈം ഹിന്ദി അദ്ധ്യാപികയായിട്ടുള്ള നിയമനം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി, 11.08.2021 ലെ എൽ2/203/2019/പൊ.വി .വ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത്, 01.06.2017 മുതൽ ഒഴിവ് നിലനിൽക്കുന്നടത്തോളം 05.05.2022 ലെ സി/25629/2022 നമ്പർ ഉത്തരവ് പ്രകാരം കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും

ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

3) 29.08.2014-ലെ 49275/J2/2014/പൊ.വി.വ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഭാഷ പഠിക്കുവാൻ കെ.ഇ.ആർ അനുശാസിക്കുന്ന എണ്ണം കുട്ടികൾ ഉണ്ടെങ്കിൽ ഭാഷാ അദ്ധ്യാപക തസ്തിക അനുവദിക്കാം എന്നും 12.06.2018-ലെ G.O.(Ms)83/2018/GEdn പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിലെ എല്ലാ നിയമനങ്ങളും ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമായിരിക്കും എന്നും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരിയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാൻ കഴിയൂ, ആയതിനാൽ കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ടിയാളുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയത് ക്രമ പ്രകാരമാണെന്ന് കാണുന്നു. ടി സാഹചര്യത്തിൽ കുട്ടികളുടെ എണ്ണവും പീരിഡും പരിഗണിച്ച് പൂയംകുട്ടി എസ് ജി യു പി സ്കൂളിലെ എൽ. ജി ഹിന്ദി പാർട്ട് ടൈം തസ്തികയിലെ ഹർജിക്കാരിയുടെ നിയമനം ശമ്പളസ്കെയിലിൽ അംഗീകരിച്ച് നൽകണം എന്ന ആവശ്യം പരിഗണനാർഹമല്ല ആയതിനാൽ ആയത് നിരസിച്ചു കൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോതമംഗലം രൂപത, എറണാകുളം.
ശ്രീമതി.സിസ്ധു എൻ, എൽ.ജി. ഹിന്ദി പാർട്ട് ടൈം, എസ്.ജി.യു.പി.എസ്., പൂയംകുട്ടി പി.ഒ, എറണാകുളം - 685581
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 25-06-2025 15:13:13**
സെക്ഷൻ ഓഫീസർ